മാധ്യമം 26 September 2021

# സീവീഡ് ഇക്കോണമിയുടെ വികസനം ലക്ഷ്യമിട്ട് കേന്ദ്രം

**കൊച്ചി:** ഏറെ വരുമാനസാധ്യതയുള്ള കടൽപായൽ കൃഷി അടിസ്ഥാനമാക്കിയുള്ള സുസ്ഥിര സമ്പദ് വ്യവസ്ഥ (സീവീഡ് ഇക്കോണമി) വികസിപ്പിക്കാൻ കേന്ദ്രം ലക്ഷ്യമിടുന്നതായി ഫിഷറീസ് സെക്രട്ടറി ജതീന്ദ്രനാഥ് സൈവൻ. സാധ്യമായ ഇടങ്ങളിലെല്ലാം വൻതോതിൽ കടൽപായൽ കൃഷി ചെയ്ത് മത്സ്യത്തൊഴിലാളി സമൂഹത്തിൻെറ വരുമാനം വർധിപ്പിക്കാനും ഇതുവഴി രാജ്യത്തിൻെറ സാമ്പത്തികവളർച്ച കൂട്ടാനും ശ്രമിക്കും. കേന്ദ്ര സമുദ്രമത്സ്യ ഗവേഷണസ്ഥാപനത്തിൽ (സി.എം.എഫ്.ആർ.ഐ) ശാസ്ത്രജ്ഞരുമായി സംവദിക്കുകയായിരുന്നു അദ്ദേഹം. കടൽപായൽ കൃഷി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് അധികവരുമാനത്തിനുള്ള വഴിയാണ്. ഈ മേഖല ശക്തിപ്പെടുത്തുന്നതിലൂടെ, മഹാമാരിയും കാലാവസ്ഥവ്യതിയാനത്തെ തുടർന്നുള്ള പ്രശ്നങ്ങളുംമൂലം പ്രതിസന്ധിയിലായ ഇവരുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും സെക്രട്ടറിയായി ചുമതലയേറ്റ ശേഷം കേരള സന്ദർശനത്തിൻെറ ഭാഗമായി സി.എം.എഫ്.ആർ.ഐയിലെത്തിയ ജതീന്ദ്രനാഥ് സൈവൻ പറഞ്ഞു.

അടുത്ത അഞ്ച് വർഷത്തിനുള്ള സമുദ്രോൽപന്ന കയറ്റുമതി ഇരട്ടിയായി വർധിപ്പിക്കാനാണ് കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. ഈ ലക്ഷ്യം നേടുന്നതിന് മത്സ്യോൽപാദനം വർധിപ്പിക്കാൻ വിവിധ വഴികൾ സ്വീകരിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.

വിവിധ സംസ്ഥാനങ്ങളിലെ പ്രാദേശിക ഗവേഷണകേന്ദ്രങ്ങളിലെ ശാസ്ത്രജ്ഞരും പരിപാടിയിൽ പങ്കെടുത്തു. ഫിഷറീസ് ജോയൻറ് സെക്രട്ടറി ഡോ.ജെ. ബാലാജി, സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ.എ. ഗോപാലകൃഷ്ണൻ എന്നിവർ സംസാരിച്ചു.